# India supplies medicines to African Countries

May 08, 2020

## ഇന്ത്യ ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് മരുന്നുകൾ വിതരണം ചെയ്യുന്നു

**മെയ് 08, 2020**

പകർച്ചവ്യാധിയോടനുബന്ധിച്ച് കോവിഡ് -19 ഇന്ത്യ വിവിധ ആഫ്രിക്കൻ രാജ്യങ്ങൾക്ക് ഇന്ത്യ സഹായകമായി.കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഔന്നത്യത്തിൽ നിൽക്കുന്ന ആഫ്രിക്കയുമായുള്ള പരമ്പരാഗതമായി ശക്തമായ സുഹൃത്ബന്ധവും ഐക്യവും നിലനിർത്തുന്നതിനോട് അനുബന്ധിച്ചായിരുന്നു ഇത്.

2. ആഫ്രിക്കയിലെ 25 ൽ അധികം രാജ്യങ്ങളിൽ ഇന്ത്യ മരുന്നു പാക്കേജുകൾ വിതരണം ചെയ്യുകയുണ്ടായി.ഈ മരുന്നുകളുടെ പാക്കേജിൽ പകർച്ചവ്യാധിയോട് പെട്ടന്ന് പ്രതികരിക്കുന്നതിനുള്ള ഹൈഡ്രോക്സിക്ലോറോകിൻ, പരാസിറ്റാമോൾ കൂടാതെ മറ്റുള്ള മരുന്നുകൾ എന്നിവയായിരുന്നു ഉൾപ്പെട്ടിരുന്നത്. പകർച്ചവ്യാധിയോട് എതിരിടുന്നതിനുള്ള ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിലെ ദേശീയ പരിശ്രമങ്ങൾക്ക് ഈ മരുന്ന് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

3. ദക്ഷിണാഫ്രിക്കയിലെ പ്രസിഡൻറ്റും നിലവിലെ ആഫ്രിക്കൻ യൂണിയൻ അധ്യക്ഷനുമായ രാമഫോസയുമായി 2020 ഏപ്രിൽ 17 നു പ്രധാനമന്ത്രി മോഡി ടെലിഫോൺ സംഭാഷണം നടത്തിയിരുന്നു.ഈ സംഭാഷണത്തിൽ വൈറസിനെതിരെയുള്ള ആഫ്രിക്കയുടെ ഐക്യത്തോടെയുള്ള പ്രതിരോധത്തിന് ഇന്ത്യയുടെ പൂർണ പിന്തുണയും അദ്ദേഹം അറിയിച്ചിരുന്നു. 2020 ഏപ്രിൽ 9 ന് ഉഗാണ്ട റിപ്പബ്ലിക് പ്രസിഡന്റ് ശ്രീ യോവെറികാഗുതാ മുസേവനിയുമായും 2020 മെയ് 6 ന് എത്യോപ്യ പ്രധാനമന്ത്രി അബിയ് അഹമ്മദുമായും പ്രധാനമന്ത്രി ടെലിഫോൺ സംഭാഷണം നടത്തി.

4. 2020 ഏപ്രിൽ മാസത്തെ ആദ്യ സമയങ്ങളിൽ, കോവിഡ് -19 നോട് പോർത്തിക്കൊണ്ടിരിക്കുന്ന ആഫ്രിക്കൻ ജനതയ്ക്ക് ഇന്ത്യയുടെ ഐക്യദാർഢ്യം ഉറപ്പു വരുത്തുന്നതിനായി വിദേശകാര്യ മന്ത്രിയും വിവിധ ആഫ്രിക്ക രാജ്യങ്ങൾ അദ്ദേഹത്തിന്റെ തുള പദവിയുള്ളവരുമായി സംഭാഷണം നടത്തിയിരുന്നു.അദ്ദേഹത്തിന്റെ വാഗ്ദാനത്തിന്റെ ഇത്തരം രാജ്യങ്ങളിൽ വലിയ സ്വീകരണം തന്നെയാണ് ലഭിച്ചത്.

5. "കോവിഡ് -19 പകർച്ചവ്യാധി: ആരോഗ്യ പ്രവർത്തകർക്കായി തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള നിർദേശങ്ങൾ " എന്നവിഷയത്തിൽ ആരോഗ്യ പ്രവർത്തകർക്കും മറ്റുള്ളവർക്കുമുള്ള e-ITEC കോഴ്സുകൾ AIIMS റായ്പൂരിന്റെ പങ്കാളിത്തത്തോടെ വിദേശകാര്യ മന്ത്രാലയം സംഘടിപ്പിച്ചിരുന്നത് ഇപ്പോൾ ആഫ്രിക്കയിലെ എല്ലാ ആരോഗ്യ പ്രവർത്തകർക്കുമായി വിപുലീകരിച്ചിരിക്കുന്നു.മന്ത്രാലയത്തിന്റെ ഈ സംരംഭം വളരെയധികം സ്വാഗതം ചെയ്യപ്പെട്ടു.ITEC പ്രോഗ്രാമിന്റെ പരിശീലനത്തിനും വിഭവശേഷി വികസനത്തിനുമായുള്ള സ്ലോട്ടുകളിൽ 40% ത്തിൽ കൂടുതലും ആഫ്രിക്ക രാജ്യങ്ങൾക്കായി മുദ്രണം ചെയ്തിരിക്കുകയാണെന്നും എടുത്തു പറയേണ്ടതാണ്.

**ന്യൂ ഡൽഹി**
**08 മെയ്, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.